# 59 വരെ ചെറു കണ്ണുകൾ, വായയുടെ മുകൾ ഭാഗത്തായി ഈർച്ചവാളിന്റെ പല്ലുകളോട് സാമ്യമുള്ള പാട്, 239 കാലുകൾ; തേരട്ട കുടുംബത്തിലേക്ക് പുതിയൊരു അതിഥി

By സമകാലിക മലയാളം ഡെസ്ക് | Published: 02nd November 2020 08:28 AM | Last Updated: 02nd November 2020 08:28 AM | A+ A A- |



**പാലക്കാട് :** സംസ്ഥാനത്ത് പുതിയ ഇനം തേരട്ടയെ കണ്ടെത്തി. ഹാർപ്പാഗൊഫോറിഡെ കുടുംബത്തിൽപ്പെട്ട പുതിയ ഇനം തേരട്ടയെ പാലക്കാട് ജില്ലയിലെ തൃപ്പാളൂർ പുള്ളോട് നടത്തിയ പഠനത്തിൽ തേവര സേക്രഡ് ഹാർട്ട് കോളേജിലെ ചിലന്തി ഗവേഷണവിഭാഗം ഗവേഷകനായ ഡോ. പ്രദീപ് എം ശങ്കരനാണ് കണ്ടെത്തിയത്.

പാലക്കാട് ജില്ലയിലൂടെ ഒഴുകുന്ന ഭാരതപ്പുഴയുടെ കൈവഴിയായ ഗായത്രിപ്പുഴയുടെ പേരുചേർത്ത് 'കാർലൊഗൊണസ് ഗായത്രി' എന്ന പേരാണ് തേരട്ടയ്ക്ക് നൽകിയത്. മഞ്ഞകലർന്ന കാപ്പിപ്പൊടി നിറത്തോടുകൂടിയ ഇവ ഉരുണ്ട ശരീരപ്രകൃതിയുള്ളവയാണ്. 133 മില്ലീമീറ്റർവരെ നീളംവെക്കുന്ന ഇവയുടെ ശരീരത്തിൽ 65 വളയങ്ങളുണ്ട്; 239 കാലുകളും. തലയുടെ ഇരുവശങ്ങളിലുമായി എഴ് മുതൽ എട്ട് നിരകളിലായി 55 മുതൽ 59 വരെ ചെറു കണ്ണുകളും ഇവയ്ക്കുണ്ട്. വായയുടെ മുകൾ ഭാഗത്തായി ഈർച്ചവാളിന്റെ പല്ലുകളോട് സാമ്യമുള്ള പാട് ഇവയെ എളുപ്പം തിരിച്ചറിയാൻ സഹായിക്കും.

ചൂടുകൂടിയ സമയങ്ങളിൽ കരിയിലകൾക്കടിയിലും മറ്റും ഒളിച്ചുകഴിയുന്ന 'ഗായത്രി' മഴക്കാലമാകുന്നതോടെ സജീവമാവാൻ തുടങ്ങും. മഴക്കാലത്ത് നടപ്പാതകൾ, പറമ്പുകൾ എന്നിവയ്ക്കുപുറമേ ചിലപ്പോൾ വീടുകൾക്കുള്ളിലും കാണാൻ കഴിയും. ജൈവാവശിഷ്ടങ്ങൾ പായലുകൾ എന്നിവയാണ് പ്രധാന ആഹാരം.